

SOUVENIR - 94

KARIKKAMPALLY
SZ 358










KERALA GOVERNMENT MEDICAL OFFICERS' ASSOCIATION



27th State Annual Conference Ernakulam

ORGANISING COMMITTEE



KERALA GOVERNMENT MEDICAL OFFICERS' ASSOCIATION

SOUVENIR

In connection with the
27th Annual Conference
of the Association
at Ernakulam

Printed and published by Dr. George Varghese on behalf of the Souvenir Committee
and printed at Vidya Offset Printers, Ernakulam.

ABOUT THE COVER PAGE


THE ART OF HEALING THROUGH AGES

This divine art started from the ancient times of saints and sages. Could be, it all began with the ASWINI DEVAS and passed through the hands of Christ, the healer. Giants like SUSRUTHA and HIPPOCRATES have perfected the techniques. By 15th centuary things were getting more of a scientific touch. AMBROISE PARE, a young French Army Surgon in Turin reintroduced ligatures for tying Blood vessels. He put aside cautery irons conventionally used for haemostasis in amputations. Today Medical Science has reached astronomical heights! Still the art of healing stays divine.

Editor.

Cover Page - Design and Layout

Dr. George Varghese
Editor



K. KARUNAKARAN
Chief Minister, Kerala


THIRUVANANTHAPURAM
December 29, 1993.

MESSAGE

On the occasion of the 27th Annual Conference of the Kerala Government Medical Officers Association, I send my good wishes and greetings.

K. KARUNAKARAN

Dr. T.S. Vijayakumar,
IMA House,
Warriam Road,
Cochin - 682 016.



R. RAMACHANDRAN NAIR
Minister for Health

Phones : Office : 67421, 67453
Res : 61151, 68144

THIRUVANANTHAPURAM
Date: 27 -12-1993.

MESSAGE

I am extremely happy to know that it is intended to bring out a Souvenir in connection with the XXVIIth Annual Conference of the Kerala Government Medical Officers Association scheduled to be held in Kochi on 15-01-1994 & 16-01-1994.


The active participation of a large number of representatives will definitely pave the way for concrete suggestions for the betterment of health care. I hope that the Office Bearers of the Association will see that the points which emerge during the conference are followed up suitably for the all-round improvement of health care.

I convey my best wishes for the success of the function.

R. RAMACHANDRAN NAIR,
Minister for Health

To

Dr. K.I. Silvanose,
Organising Secretary.
27th Annual Conference of K.G.M.O.A.



Dr. P.S. Ramakrishnan
Director of Health Services
(IPP & PW.)

Tel : Off : 446080
Res : 63847

Thiruvananthapuram,
7-1-1994


MESSAGE

A human being is born to this world to serve his or her fellow beings. The scope of rendering social service is the widest for a Medical professional, than that of any other individual in the Society. More valued than a Priest, or a Teacher, or a Politician, a physician stands unique in the forefront in the society because he only can do something in the struggle between life and death to prolong life or postpone death. That is why he has to see by himself as different from other professionals.

The practice of medicine is an art as well as a science. It flourishes in the hands of those who are socially committed and responsible. The Kerala Government Medical Officers' Association should be able to initiate innovative steps with noval ideas in order to restructure the image of the profession and the prestige of the organisation. "The rich are those who are without debts; and the satisfied are those who are with limited desires. If money is lost nothing is lost; but if character is lost, everything is lost."

I wish all the best and a 'Happy New Year' to each and every member of the Kerala Government Medical Officers' Association, during XXVIIth Anual Conference.

Dr. P.S. Ramakrishnan,
Director of Health Services.



From the Desk of the Organising Secretary

ധന്യമായ ഒരു പ്രൊഫഷന് സ്വയം അർപ്പിതരായി ജീവിതം തെരഞ്ഞെടുത്ത ഒരു വർഗ്ഗത്തിന് കാലഘട്ടത്തിന്റെ അനിവാര്യതയിൽ സംഘടിതരാകേണ്ടി വന്നു. രജത ജൂബിലി പിന്നിട്ട ആ സംരംഭത്തിന്, അതിന്റെ പ്രജകൾക്ക്, അധികാര വർഗ്ഗങ്ങളിൽ നിന്നും കൂരമ്പുകളേറ്റിട്ടും സഹനശക്തി ഏറെയായിരുന്നു. അവഗണനയിൽ മനം നൊന്തപ്പോഴും അവരുടെ മനസ്സു മരവിച്ചില്ല. സേവനം അവർ മറന്നില്ല. ഒരു നാൾ, ആ ബലിഷ്ഠകരങ്ങൾ ഒന്നിച്ചു ചുഴറ്റിയെറിഞ്ഞപ്പോൾ അതൊരു ശക്തിയായി. ഈ രാജ്യത്തിന്റെ ഭരണ സാരഥി തന്നെ പറഞ്ഞതുപോലെ - "അവർ അവരുടെ ശക്തിയും ഐക്യവും പ്രകടിപ്പിച്ചു." അതേ അതാണ് കെ. ജി. എം. ഓ. എ. - ആഴത്തിൽ വേരുകളുള്ള ശാഖകളില്ലാത്ത വടവൃക്ഷം.

രണ്ടു ലോക മഹായുദ്ധങ്ങളെ അതിജീവിച്ച ഈ നൂറ്റാണ്ടിന് ശാപമോ? ശാസ്ത്രത്തിന്റെ വളർച്ചയെ കൊടുമുടിയിൽ കയറ്റിയ ഈ നൂറ്റാണ്ടിനു തളർച്ചയോ? എയ്ഡ്സ്പോലുള്ള മഹാവിപത്തുകണ്ട് മാനവരാശി മരവിച്ചു നില്ക്കുന്നുവോ ? ഇല്ല ആശ കൈവെടിയാത്ത വൈദ്യശാസ്ത്രം ഇന്ന് സന്ധിയില്ലാ സമരത്തിലാണ്. ആ സമരത്തിലും സാമൂഹിക പ്രതിബദ്ധതയോടെ ഡോക്ടർമാർ.

നിയമത്തിന്റെ നൂലാമാലകളിൽ വൈദ്യശാസ്ത്രവും വന്നു വീണേക്കാം എന്ന ആശങ്ക. സമ്പന്നവർഗ്ഗത്തിനും അധികാര വർഗ്ഗത്തിനും സ്വായത്തമായ മികച്ച ചികിത്സാ രീതി നിഷേധിക്കപ്പെട്ട പട്ടിണിക്കോലങ്ങൾ ഒരു വശത്ത്. ഇല്ലായ്മകളുടേയും വല്ലായ്മകളുടേയും നടുവിൽ പ്രാണവേദനയിൽ മുങ്ങുന്നവനെ മറുകര എത്തിക്കുവാൻ തോണിയിറക്കുന്ന ഡോക്ടർമാർ മറുവശത്ത്. ആടുന്ന വഞ്ചിയിലും, മുങ്ങുന്ന വഞ്ചിയിലും അമരക്കാരനായവനെ കുരുതികൊടുക്കുന്ന ഉപഭോക്തൃ സംസ്കാരം.

ആഢ്യതയും പാരമ്പര്യവും ചോർന്നുപോകുന്ന ഈറ്റില്ലത്തിൽ പേറ്റുനോവുമായിക്കഴിഞ്ഞിരുന്ന ഡോക്ടർ സമൂഹത്തെ കാലവും കോലവും ഉണർത്തിയിരിക്കുന്നു. വേദനിക്കുന്നവന് കനിവു കിനിഞ്ഞു മാത്രം കഴിഞ്ഞിരുന്ന നമുക്ക് ഇനിയും ഒരുണർത്തുപാട്ടിന്റെ ആവശ്യമുണ്ടോ?

കാലമേ നീ മെല്ലെപ്പോകൂ എന്നു പറയുവാൻ നമുക്കാവില്ലല്ലോ. എങ്കിൽ നമുക്കു "വേഗത കൈവരിക്കാം. "

നോക്കൂ സമ്പൽ സമൃദ്ധിയുടെ രണ്ടായിരാമാണ്ടിലേക്ക് ഇനി രണ്ടായിരം രാവുകൾ മാത്രം!

- ഓർമ്മിക്കൂ വീണ്ടും ആ വരികൾ


".....
But I have promises to keep,
Miles to go before I sleep
.And miles to go before I sleep."
ഇനിയും താമസമെന്തേ വരുവാൻ ?

നിങ്ങളെ സുഖസുഷുപ്തിയിലാറാടിക്കാൻ കുഞ്ഞോളങ്ങൾ തുള്ളിച്ചുകൊണ്ട്, ധനുമാസരാവുകളിൽ വിടചൊല്ലിക്കൊണ്ട്, അറബിക്കടലിന്റെ റാണി കാത്തിരിക്കുന്നു. ഒരുവട്ടംകൂടി, പാടിപ്പതിഞ്ഞ ഗാനങ്ങൾ ഏറ്റുപാടാൻ, ഗതകാലസ്മരണകൾ അയവിറക്കാൻ, ഒരല്പം നർമ്മം കൈമാറാൻ നമുക്കൊത്തു ചേരാം. കാലാന്തരങ്ങളായുള്ള അവഗണന തുടച്ചുമാറ്റാൻ, മഹാവിപത്തുകൾക്കെതിരെ പടപൊരുതുവാൻ, ഉപഭോക്തൃ സംസ്കാരത്തിനെതിരെ ശക്തിനേടാൻ , ഒരു മെയ്യായ് ഒരു മനസ്സായ് ഇരുനാൾ പങ്കിടാൻ നിങ്ങളെ ഞങ്ങൾ ക്ഷണിക്കുകയാണ്.

ഈ പങ്കുചേരലിന് ഇരുപത്തിയേഴാം വട്ടം വിരുന്നൊരുക്കുന്ന ഞങ്ങൾ ഈ ജനുവരി നിങ്ങൾക്ക് ഒരോർമ്മയാകട്ടെ എന്നാശിക്കുകയാണ്. ആശംസിക്കുകയാണ്. ഇവിടെ ഈ കൊച്ചു മഹാനഗരത്തിൽ വിഭവങ്ങളേറെയുണ്ട്. പക്ഷേ, ഞാനും പിന്നാമ്പുറത്തിരുന്നു വിരുന്നൊരുക്കുന്നവരും നിങ്ങൾക്കേവർക്കും വിളമ്പുന്ന ഒരേ ഒരു വിഭവം - സൗഹൃദം! സൗഹൃദം!! സൗഹൃദം !!!

ഡോ: കെ. ഐ. സിൽവാനോസ്

ഓർഗനൈസിങ്ങ് സെക്രട്ടറി.



Dr. N. GEORGE VARGHESE
General Hospital
Ernakulam

EDITOR'S NOTE

It is with great pleasure and privilege that I present before you the Souvenir of the 27th Annual Conference of KGMOA. The release of a Souvenir is not a singular achievement. It is the collective effort of our members. Contrary to the usual thoughts and understanding, I am forced to believe that the Souvenir is not just a media for advertisements. It only hallmarks the great event of our get-together.

The pages of this Souvenir have been blessed by many authors. Some are our members and some are not. However it makes no difference. They have enriched the pages of our Souvenir in plenty. I am obliged to all of them.


At this juncture I'd like to place on record my heart-felt gratitude to all who have worked for the timely publication of this Souvenir, I shall be failing in my duty if I do not thank all the advertisers of this Souvenir. Their whole-hearted co-operation was a must for the successful completion of this project.

Thank you all once again,


Dr .N. George Varghese

STATE COMMITTEE MEMBERS
1993-94







Dr. Ranjith
President



Dr. Vijayakumar
Secretary



Dr.K.P.Sukumara Pillai
President's Nominee




Dr. C. Ranjith
State President

Friends,

It is with great satisfaction and relief that I am laying down my office. Altogether it was a tense year, our strike for central parity was the biggest achievement. Though not fiscal it has proved our solidarity towards a genuine cause. Let me thank one and all for the wonderful co-operation extended to the state office bearers.

We are now in a festive mood of celebrating the 27th State Annual Conference. My good wishes to all.

Ranjith



സന്ദേശം

സുഹൃത്തുക്കളെ,

ഒരു സംഘടനയുടെ ഓരോ വർഷത്തേയും ശക്തി അളക്കുന്ന മാന ദണ്ഡങ്ങളിലൊന്നാണ് അതാത് വർഷത്തെ സംസ്ഥാന സമ്മേളനങ്ങൾ. കേരളാ ഗവ: മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ 1993 ജനുവരി 10 ന് സംഘടനയുടെ ജന്മസ്ഥലമായ തൃശൂരിൽ വെച്ച് നടത്തിയ 26 - ാ മത് സംസ്ഥാന സമ്മേളനം എന്തു കൊണ്ടും ഒരു ശക്തി പ്രകടനം തന്നെയായിരുന്നു. അന്ന് പ്രകടമാക്കിയ ശക്തിയും ശേഷിയും ഒരു ഐതിഹാസിക സമരത്തിലൂടെ കേരളത്തിലെ ജനങ്ങളേയും സർക്കാരി നേയും ബോദ്ധ്യപ്പെടുത്തുവാനും സംഘടനക്ക് കഴിഞ്ഞു.

1993 ൽ പ്രകടമാക്കിയ ഐക്യവും ആവേശവും ഉയർത്തിപ്പിടിച്ചുകൊണ്ട് 27-ാം സംസ്ഥാന സമ്മേളനത്തിനായി നാം എറണാകുളത്ത് ഒത്തു ചേരുകയാണ്. ചരിത്രം തിരുത്തിക്കുറിക്കുന്ന ഒരു മഹാസമ്മേളനമാകട്ടെ എറണാകുളത്ത് അരങ്ങേറുവാൻ പോകുന്നത് എന്ന് നമുക്കാശിക്കാം. കേരളത്തിന്റെ വാണിജ്യ വ്യവസായ കേന്ദ്രമായ മഹാനഗരം എന്ന വിശേഷണ ത്തിലേക്ക് കുതിക്കുന്ന, എറണാകുളത്ത് ഒത്തുചേരുവാനും സംഘടനക്ക് കരുത്തേകുവാനും ലഭിക്കുന്ന ഈ അവസരം ഓരോ അംഗവും പ്രയോജനപ്പെടുത്തുമെന്ന് വിശ്വസിക്കുന്നു. 27-ാം സംസ്ഥാന സമ്മേളനത്തിന് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

അഭിവാദനങ്ങളോടെ

ഡോ: പി.കെ. മുഹമ്മദ് റഷീദ്
നിയുക്ത പ്രസിഡൻറ്

അരിപ്പാലം
27 - 12 - 93

സംഘടനയും അംഗങ്ങളും

ഡോ : പി. കെ. മുഹമ്മദ് റഷീദ്
നിയുക്ത പ്രസിഡണ്ട് - 1994

1966 - ൽ കേരളാ ഹെൽത്ത് സർവ്വീസസിലെ ഡോക്ടർമാർ തങ്ങളുടേതായ ഒരു സംഘടനയ്ക്ക് രൂപം കൊടുത്തു. കേരളാ ഗവൺമെൻറ് മെഡിക്കൽ ആഫീസേഴ്സ് അസ്സോസ്സിയേഷൻ. തങ്ങളുടെ പരാധീനതകൾ പ്രതിനിധികളിലൂടെ അധികാര സ്ഥാപനങ്ങളിൽ അറിയിക്കുക, അവയ്ക്ക് പരിഹാരം കാണുവാൻ വേണ്ട പ്പെട്ടവരോടപേക്ഷിക്കുക, എന്നിവയായിരുന്നു പ്രധാന മായും അന്നവർ ഉദ്ദേശിച്ചത്. തീർച്ചയായും നല്ല ഒരു തുടക്കം എന്ന് അതിനെ പറയാതെ വയ്യ. വളരെകുറച്ച് അംഗങ്ങൾ കേരളത്തിൻെറ നാനാഭാഗത്തുമായി ചിതറി കിടക്കുന്ന ഒരവസ്ഥയിൽ അവരെ ഒന്നിച്ചുകൂട്ടി അഭിപ്രായ സമന്വയമുണ്ടാക്കുവാനോ ശക്തി പ്രകടന ങ്ങൾ കാഴ്ചവെയ്ക്കുവാനോ അന്ന് കഴിയുമായിരുന്നില്ല. എങ്കിലും പരിമിതികളെ മുഴുവനായും മനസ്സിലാക്കി കൊണ്ടുതന്നെ ആത്മവിശ്വാസത്തോടെ സംഘടനാ പ്രവർത്തനം നടത്തിയ അന്നത്തെ നേതാക്കളെ എത്ര പ്രശംസിച്ചാലും മതിയാകുകയില്ല. സംഘടനയുടെ അംഗബലം വർദ്ധിപ്പിക്കുവാനായി ഓരോ ഡോക്ടർമാരു ടേയും വാതിലുകളിൽ മുട്ടി നടന്നാണ് അവർ ഈ സംഘടനയ്ക്ക് അടിത്തറ പാകിയത്. നേതൃത്വം അംഗങ്ങളേയും അംഗങ്ങൾ നേതൃത്വത്തേയും മുഴുവ നായും അറിഞ്ഞിട്ടില്ലാത്ത ഒരു കാലഘട്ടം.

പിന്നീട് സംഘടനയിൽ അംഗത്വം സ്വീകരിച്ച പലരും നേട്ടങ്ങളുടെ കണക്കെടുക്കുവാൻ വ്യഗ്രത കാണിച്ചിരുന്നു. എന്നാൽ നേട്ടങ്ങൾക്കായി പോരാടുവാൻ അശക്തരുമായിരുന്നു. അന്നത്തെ ചുറ്റുപാടുകളിൽ അതി ന്നാർക്കും സമയവും കണ്ടെത്താനാകുമായിരുന്നില്ല. തങ്ങൾക്ക് ലഭിക്കുന്ന വേതനത്തെക്കുറിച്ചോ അർഹമായ സ്ഥാനമാനങ്ങളെക്കുറിച്ചോ ആലോചിക്കുവാൻ പോലും ആരും തയ്യാറല്ലായിരുന്നു. അന്നും ബാലാരിഷ്ടതകൾ വകവയ്ക്കാതെ സംഘടന കെട്ടിപടുക്കുന്നതിൽ വ്യാപൃത രായിരുന്ന അനേകം നേതാക്കളുടെ ചരിത്രം നാം കേ ട്ടിട്ടുണ്ട്. അവരിൽ കുറേപ്പേരെങ്കിലും യാതനകൾ അനുഭവിക്കേണ്ടിയും വന്നിട്ടുണ്ട്. സമാന്തര സംഘടന കൾക്ക് രൂപംകൊടുത്തു കൊണ്ട് ഉയർന്നു വന്ന ഭീഷണിയെ ചെറുത്തു തോൽപ്പിക്കുവാൻ കഴിഞ്ഞ പഴയകാല നേതാക്കൾ ഈ സംഘടനക്ക് ഉറച്ച തൂണു കൾ നാട്ടുകയായിരുന്നു. സംസ്ഥാനത്തിലെ ആരോഗ്യ പരിപാലന രംഗത്തുണ്ടായ മാറ്റങ്ങളും ഡോക്ടർമാരുടെ എണ്ണത്തിലുണ്ടായ പെരുപ്പവും ഒരളവുവരെ സംഘടനക്ക് കരുത്തേകിയെങ്കിലും സംഘടനക്ക് വേണ്ടി അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം തുലോം കുറവായിരുന്നു. അത്കൊണ്ടുതന്നെ യാണ് ആഞ്ഞടിക്കുവാൻ സംഘടന മടിച്ചുനിന്നതും വൈകിപ്പോയതും. ഇന്ന് ആ അവസ്ഥക്ക് മാറ്റം വന്നിരിക്കുന്നു.

സംഘടനയെ മനസ്സിലാക്കിയ, അർപ്പണബോധ ത്തോടെ പ്രവർത്തിക്കുവാനും യാതനകൾ അനുഭവി ക്കുവാനും തയ്യാറായി മുമ്പോട്ടു വന്ന, ഒട്ടേറേ അംഗങ്ങൾ ഇന്ന് സംഘടനയുടെ കരുത്തായി മാറിയിരിക്കുന്നു. ഈ മാറ്റമാണ് കഴിഞ്ഞ നവംബറിൽ ഒരു സമ്പൂർണ്ണ സമരത്തിന് സംഘടനയെ സജ്ജമാക്കിയത്. ഏതൊ ന്നിനും ഉയർച്ചയുടെ പാരമ്യത്തിലെത്തിയാൽ ഒരു പതനമോ പൊട്ടിത്തെറിയോ സാധാരണമാണ്. എന്നാൽ വളർച്ചയുടെ പാരമ്യത്തിലും കൂടുതൽ കെട്ടുറപ്പോടെ മുന്നേറുവാൻ വിവേകത്തോടെ നിലകൊള്ളുന്നു അംഗങ്ങൾ. അതാണ് 1994 ലേക്ക് കാലെടുത്തുവെക്കുന്ന നമ്മുടെ സംഘടന. ഈ സംഘടന കേരളത്തിലെ മൊ ത്തം ജനങ്ങളുടെ ശ്രദ്ധാകേന്ദ്രമാണിന്ന്. എതിർ ചേരിയിൽ നിൽക്കുന്ന രാഷ്ട്രീയക്കാർ പോലും ഒരേ ശക്തിയിലാണ് ഈ സംഘടനയുടെ നേരെ അസൂയ യുടെ അസ്ത്രങ്ങൾ തൊടുത്തു വിടുന്നത്. കെ. ജി. എം. ഓ. എ. ക്ക് അങ്ങിനെ ഒരു സ്ഥാനം നേടികൊടുത്തത് നിസ്വാർത്ഥ പ്രവർത്തകരായ അതിൻെറ അംഗങ്ങളാണ്. കേരള സംസ്ഥാനത്ത് നശീകരണം സംഭവിച്ചുകൊണ്ടിരി ക്കുന്ന ഒന്നാണ് ആരോഗ്യവകുപ്പ്. അസൂയാർഹമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച പലതിൻേറയും അനുഭവം തന്നെയാണാ വകുപ്പിനും. രണ്ടായിരാമാണ്ടോടെ കേരളം കൈവരിക്കേണ്ട സൂചികകൾ 10 വർഷങ്ങൾക്ക് മുമ്പേ നേടിയെടുക്കുവാനും മറ്റു രാഷ്ട്രങ്ങൾക്ക് തന്നെ മാതൃകയാകുവാനും സഹായിച്ച ആരോഗ്യ വകുപ്പ് ഇന്ന് അവഗണനയുടെ കൂത്തരങ്ങായിരിക്കുന്നു. ജീർണ്ണിച്ച കുറേ കെട്ടിടങ്ങളും ശുചിത്വം തൊട്ടു തീണ്ടിയിട്ടില്ലാത്ത വാർഡുകളും മരുന്നോ ഉപകരണങ്ങളോ അത്യാവശ്യ ത്തിനു പോലും ലഭിക്കാത്ത അവസ്ഥയും, സ്ഥാപന ങ്ങളെ ജീവിപ്പിച്ചുകൊണ്ടു നടക്കുവാൻ വിധിക്കപ്പെട്ട മൂവ്വായിരത്തോളം ഡോക്ടർമാരും, അവരെ സഹായി ക്കുവാൻ സേവന തല്പരത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കുറേ കീഴ്ജീവനക്കാരും. ഇതാണ് ഇന്നത്തെ ആശുപത്രികൾ. ഈ പതനത്തിന്നാക്കം കൂട്ടിക്കൊണ്ട് കുതിച്ചുയരുന്ന സ്വകാര്യ സ്ഥാപനങ്ങൾ. ഈ നില തുടരുവാനനുവദിച്ചാൽ രണ്ടായിരാമാണ്ടിൽ സർക്കാരാ ശുപത്രികൾ വെറും പഴങ്കഥകളാകുകയില്ലേ? സമ്പൂർണ്ണ സ്വകാര്യവല്ക്കരണത്തിൻെറ ആദ്യ പടിയായ സഹകരണ

പ്രസ്ഥാനത്തെ വളർത്തിയെടുക്കുവാൻ ഇറങ്ങിയിരിക്കുകയാണ് തൊഴിലില്ലാത്ത, തൊഴിലറിയാത്ത, തൊഴിലെടുക്കാതെ സസുഖം വാണരുളുവാൻ പഠിച്ച, സാമൂഹ്യ സേവനക്കുപ്പായമണിഞ്ഞവർ, അനുയായികളെ ആരംഗത്തേക്ക് തിരിച്ചുവിട്ട് കസേരക്കുള്ള വെല്ലുവിളിയെ തടഞ്ഞുനിർത്തുന്ന നേതാക്കൾ. ഈ ഒഴുക്കിൽ അടിതെറ്റി വീഴുന്നത് സാധാരണക്കാരന്റെ അഭയകേന്ദ്രങ്ങളായ സർക്കാരാശുപത്രികളാണെന്നാരും ഓർക്കുന്നില്ല.

ഈ ഒഴുക്കിനെതിരെ അണകെട്ടി തകർച്ചയെ തടയുകയാണ് കെ. ജി. എം. ഒ. എ. ക്കും അംഗങ്ങൾക്കും നിർവ്വഹിക്കുവാനുള്ള സുപ്രധാനമായ ഒരു കടമ. ജനങ്ങളുടെ ശ്രദ്ധാകേന്ദ്രമായ നമ്മുടെ സംഘടന ജനങ്ങൾക്കായി ഈ തകർച്ചക്കെതിരെ അടരാടുവാൻ നേതൃത്വം നല്കേണ്ടതില്ലേ? ജനങ്ങളോടുള്ള പ്രതിബദ്ധത ഇത്തരുണത്തിൽ പ്രതിഫലിപ്പിക്കേണ്ടതല്ലേ? അതിന്നായി സംഘടനയിലെ ഓരോ അംഗവും ആത്മാർത്ഥമായി പ്രവർത്തിച്ചേ മതിയാകൂ! താൻ ജോലി ചെയ്യുന്ന സ്ഥാപനങ്ങളുടെ നില മെച്ചപ്പെടുത്തുവാൻ രാഷ്ട്രീയത്തിന്നതീതമായി സഹകരിക്കുവാൻ തയ്യാറുള്ള സ്ഥലവാസികളുടെ സഹായത്തോടെ പ്രവർത്തനമാരംഭിക്കുകയും ആതുരാലയങ്ങളുടെ പ്രതിഛായയിലും പ്രവർത്തനശൈലിയിലും വ്യതിയാനങ്ങൾ വരുത്തുവാൻ മുൻകൈ എടുക്കുകയും ചെയ്തുകൊണ്ട് സർക്കാരാശുപത്രികൾ സമൂഹത്തിനൊഴിച്ചു കൂടാനാവാത്ത പ്രാധാന്യം അർഹിക്കുന്നുവെന്ന് തെളിയിച്ചു കൊടുക്കേണ്ടിയിരിക്കുന്നു. സംഘടനാതലത്തിൽ കൂട്ടായ വിലപേശലിലൂടെ ആസ്പത്രികളിലെ ചികിത്സാസൗകര്യം വർദ്ധിപ്പിക്കുവാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടിയിരിക്കുന്നു. അങ്ങിനെ ജനപങ്കാളിത്തത്തോടെ സർക്കാരിന്റെ സഹകരണം നേടിക്കൊണ്ട് ആതുരാലയങ്ങൾക്ക് പുതുജീവൻ നല്കുന്ന ഒരു പ്രവർത്തന ശൈലി ഇന്നത്തെ ഒരാവശ്യമായി തീർന്നിരിക്കുന്നു. അംഗങ്ങളുടെ പരിപൂർണ്ണമായ സഹകരണത്തോടെ ഇത്തരത്തിലൊരു പ്രവർത്തനത്തിന് മുൻകൈയ്യെടുക്കുവാൻ സംഘടന ഇനിയും വൈകിക്കാമോ? ഓരോ അംഗവും വിശകലനം ചെയ്തു നോക്കേണ്ട വിഷയമാണിത്. ന്യായമെന്ന് തോന്നുന്നുവെങ്കിൽ സംഘടനയെ ശക്തമാക്കിക്കൊണ്ട് ഓരോ അംഗവും തന്റെ ഭാഗത്തു നിന്നുമുള്ള പ്രവർത്തനം തുടങ്ങേണ്ടിയിരിക്കുന്നു. ആ വഴിക്ക് നീങ്ങുമ്പോൾ സംഘടനാ നേതൃത്വത്തിന് പിന്തുണ നല്കേണ്ടിയിരിക്കുന്നു. അംഗങ്ങളുടെ ക്ഷേമം കൈവരിച്ചുകൊണ്ട് മാത്രമേ സംഘടനയ്ക്ക് നിലനില്ക്കാനാവൂ! തകർന്നു കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളിൽ ജോലിചെയ്ത് എത്ര കാലം ക്ഷേമം കാംക്ഷിച്ചു കഴിയാനാകും? പ്രയോജന കരമായ ഒന്നുമില്ലാത്ത അവസ്ഥയിലേക്ക് ആതുരാലയങ്ങളെത്തിയാൽ അവയെ തഴയാൻ സാധാരണക്കാരും സർക്കാരും ഔത്സുക്യം കാണിച്ചെന്ന് വരും. അടച്ചു പൂട്ടപ്പെട്ട വിദ്യാലയങ്ങളുടെ വഴിയിൽ ആതുരാലയങ്ങളും ചെന്ന് പെടുമോ ?

With Best Compliments From :

ST. JOSEPH MEDICALS

KARIVELIPADY


COCHIN - 5

With Best Compliments From :

GOPURATHINKAL EXPORTS

KOCHI - 6

"പശ്ചിമോദയം"



സാമൂഹ്യകുറ്റത്തിന്റെ ഭാഗമായി കാലാനുകാലങ്ങളിൽ ഓരോ ജനവിഭാഗങ്ങളും ത്യാഗം സഹിക്കുവാൻ നിർബന്ധിതരാകുന്നു. ചരിത്രാതീതകാലം മുതൽ നമ്മുടെ മുൻഗാമികൾ അനുഭവിച്ചു വന്നിരുന്ന പ്രത്യേക പരിഗണനകൾ ഇന്നത്തെ അവസ്ഥയിൽ നിഷേധിക്കപ്പെടുന്നതായി കാണാം. കൂടാതെ അതിനൊക്കെ ഒരു തിരിച്ചടിയെന്നോണം ഇന്ന് ഡോക്ടർ സമൂഹത്തെ വേർതിരിച്ചു ചവിട്ടിമെതിക്കുവാനുള്ള ഒരു പ്രവണത തലപൊക്കി തുടങ്ങിയിരിക്കുന്നു. ഏതു വിപ്ലവത്തിലും കുറെ രക്ത സാക്ഷികളുടെ തലകൾ ഉരുണ്ടേ മതിയാകൂ. ഇന്നത്തെ സാമൂഹ്യവിപ്ലവത്തിന്റെ ഭാഗമായി എത്ര ഡോക്ടർമാർ ബലിയാടാകുമെന്നു നോക്കി രസിക്കുവാൻ കച്ചകെട്ടിയ ഒരു കൂട്ടം നേതാക്കളാണ് നമ്മുടെ ചുറ്റു പാടും.

കയറൂരിവിട്ട ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ ബലിയാടുകളെ സൃഷ്ടിച്ച് തടിതപ്പുന്ന കുതന്ത്രത്തിനാണല്ലോ പരക്കെ അംഗീകാരം. കൂട്ടത്തിൽ ബലിയാടുകൾ പ്രതികരിക്കുവാൻ കെൽപില്ലാത്ത ഒരു ന്യൂനപക്ഷമാണെന്നു വന്നാൽ പ്രമാണിമാർക്ക് ഏറെ സന്തോഷം. മറിച്ചാണെന്നു വന്നാൽ പിന്നെ നിലനിൽപ്പിനായുള്ള കുതന്ത്രങ്ങളുമായുള്ള പടയോട്ടം തുടങ്ങുകയായി. അധികാരം കൈയ്യാളിക്കഴിഞ്ഞാൽ അടുത്ത തെരഞ്ഞെടുപ്പുവരെ എന്തുമാകാം എന്നൊരു പ്രവണതയ്ക്ക് കടിഞ്ഞാണിട്ടില്ലങ്കിൽ ഭരണഘടന അനുശാസിക്കുന്ന സാമൂഹ്യ നീതിയും പൗരാവകാശങ്ങളും വെറും മരീചികയായി മാത്രം അവശേഷിക്കുമെന്നതിൽ തർക്കമില്ല. സംഖ്യബലം കുറവുള്ള വിഭാഗങ്ങളുടെ ന്യായമായ അവകാശങ്ങൾ എത്ര ശക്തിയായി അവതരിപ്പിക്കുവാൻ ശ്രമിച്ചാലും ഫലപ്രദമാകാതെ പോകുന്നു.

അടുത്ത കാലത്ത് കേരളത്തിലെ ഗവർമെൻറ് ആശുപത്രികളിൽ സേവനം ചെയ്യുന്ന ഡോക്ടർമാരുടെ ശക്തമായ സമരം സമൂഹ മനസ്സാക്ഷിയെ തന്നെ കണ്ണുതുറപ്പിക്കുവാൻ പര്യാപ്തമായിരുന്നു. ഏറ്റവും അടിത്തട്ടിൽ കിടക്കുന്ന ജനവിഭാഗങ്ങൾക്ക് ഏക അത്താണിയായി കഴിയുന്ന സംസ്ഥാനത്തെ ഗവർമെൻറ് ആശുപത്രികൾ 7 ദിവസം അടഞ്ഞുകിടന്നിട്ടും കേരള സംസ്ഥാനത്തെ ആധുനിക വൈദ്യശാസ്ത്രം കൈകാര്യം ചെയ്യുന്ന മുഴുവൻ ഡോക്ടർമാരും പിന്തുണാപണിമുടക്കുണ്ടാക്കുമെന്നു പ്രഖ്യാപിച്ചിട്ടും ഉത്തരവാദിത്വം കൈയ്യാളുന്നവർ അനങ്ങുവാൻ കൂട്ടാക്കിയില്ല. അധികാരികളെക്കാൾ ഉത്തരവാദിത്വബോധം പ്രകടിപ്പിക്കുവാനും സമൂഹത്തോടുള്ള കടപ്പാട് അംഗീകരിച്ച് വിട്ടുവീഴ്ചകൾക്ക് തയ്യാറാകുവാനും തയ്യാറായത് സമരം ചെയ്ത ഡോക്ടർമാർ തന്നെയാണ് എന്നും ജനങ്ങൾ അംഗീകരിച്ചു കഴിഞ്ഞു. നാട്ടിലെ ബഹുജന മനസ്സാക്ഷി ഡോക്ടർമാർക്ക് അനുകൂലമാണെന്ന സത്യം നിഷേധിക്കുവാൻ കഴിയില്ല. ഭരണത്തിന്റെ ശീതളഛായയിൽ നിന്നുകൊണ്ട് അപ്പകഷണങ്ങൾക്കുവേണ്ടി നെട്ടോട്ടമോടുന്ന ചില കുട്ടിനേതാക്കൾ മാത്രമാണ് ഡോക്ടർമാർക്കെതിരെ ആക്രോശങ്ങളുമായി വീറോടെ രംഗത്തു നിന്നിരുന്നത്. പ്രതീക്ഷിച്ചത്ര ബഹുജനപിന്തുണ കിട്ടില്ലെന്നു ബോധ്യം വന്ന ഇക്കൂട്ടർ വേഗത്തിൽ തന്നെ പിൻവാങ്ങേണ്ടി വന്നു. നമ്മെ അംഗീകരിച്ച സാമാന്യ ജനങ്ങളെ നമ്മോടൊപ്പം തുടർന്നും നിർത്തേണ്ടത് ഇനി അങ്ങോട്ടുള്ള ശ്രമങ്ങളുടെ ഭാഗമായി കരുതണം. വിട്ടുവീഴ്ചകൾ വേണ്ടി വന്നാൽ പോലും ഈ ജനസ്നേഹത്തിന്റെ അടിത്തറ കൈവിട്ടുപോകുവാൻ നാം സമ്മതിച്ചുകൂടാ. നമ്മുടെ നേതൃത്വം ആരോഗ്യ പരിപാലനരംഗത്തുമാത്രം ഒതുക്കിനിർത്താതെ മറ്റു രംഗങ്ങളിലേക്കു കൂടി വ്യാപിപ്പിക്കേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നു. മാറി മാറി വരുന്ന രാഷ്ട്രീയ നേതൃത്വങ്ങളുടെ തുടർച്ചയായ അവഗണനയും അവഹേളനവും അവസാനിപ്പിക്കുവാനുള്ള വജ്രായുധമായി ഈ ജനശക്തി ഉപകരിക്കുന്നതിൽ തർക്കമില്ല. താൽക്കാലിക തിരിച്ചടികൾ നമ്മുടെ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തെ ഒരുതരത്തിലും തണുപ്പിച്ചുകൂടാ. സാമൂഹ്യ പരിവർത്തനത്തിന്റെ ബലിയാടുകൾ എന്ന പദവിയിൽ നിന്നു മാറിയിട്ട് മുന്നണി ധാരാളികളാകുവാനുള്ള ശക്തിയാണ് നാം സംഭരിക്കേണ്ടിയിരിക്കുന്നത്. പരസ്പര ഐക്യം ഊട്ടി ഉറപ്പിച്ച് നാം ഒറ്റക്കെട്ടായിതന്നെ മുമ്പോട്ടുപോകുമെന്നുള്ള ഒരു ഉറച്ച തീരുമാനം ഉണ്ടാകുവാൻ. ഈ സംസ്ഥാന സമ്മേളനം ഉപകരിക്കട്ടെ എന്നു ഞാൻ ആശിക്കുന്നു. ഒരു സർവീസ് സംഘടനയെന്ന പേരിൽ മാത്രം ഒതുങ്ങി നിൽക്കാതെ നാം ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ തന്നെ മാറ്റത്തിന്റെ പ്രതീകമായി മാറണം K.G.M.O.A. ഡോക്ടർമാരുടെ രക്തം കുടിക്കുവാൻ കൊതിക്കുന്ന കഴുകന്മാർക്കു ഒരു ശക്തമായ താക്കീതു നൽകുവാൻ ഈ സമ്മേളനം ഒരു തൊടു കുറിയാകട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഏവർക്കും എന്റെ അഭിവാദനങ്ങൾ
നവവത്സര ആശംസകൾ

ഡോ. പി.ടി.സക്കറിയാ
ചെയർമാൻ, ഓർഗനൈസിംഗ് കമ്മിറ്റി
KGMOA. 27- ാം സംസ്ഥാനസമ്മേളനം

ആലുവാ
2-1-1994

മലയാളിയുടെ വികൃതികൾ

സ്കറിയാ സക്കറിയാ

മലയാളിയുടെ വ്യക്തിത്വത്തെക്കുറിച്ചുള്ള ചർച്ചയിൽ അതിശയോക്തിയും അതിഭാവുകത്വവും കലരുന്നതു സ്വാഭാവികം. എങ്കിലും മറുപുറം കാണാനും മലയാളികൾ ശ്രമിച്ചിട്ടുണ്ട്. ഇടശ്ശേരിയുടെ കറുത്ത ചെട്ടിച്ചികൾ എന്ന കവിതയിലെ നാലു വരികൾ കയ്യെഴുത്തായി കേരളീയ മനസ്സാക്ഷിയിൽ അവശേഷിക്കുന്നു :

നൂനം മഹോന്നതം തന്നേ മലനാടു
മാനിച്ചുയർത്തിപ്പിടിക്കുന്ന മേന്മകൾ !
ഉത്തരവാദിത്ത ഘോഷണത്തെപ്പോലെ
വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ !

തമിഴരോടും തമിഴിനോടും ഇന്നത്തെ മലയാളി പ്രകടിപ്പിക്കുന്ന അവജ്ഞകലർന്ന വിരോധമായിരുന്നു ഇതെഴുതാൻ കവിക്കു പ്രേരണ എന്നു ഓർമിക്കുക. വിശാലമായ തമിഴകത്തിന്റെ ഭാഗമായിരുന്നു കേരളം എന്ന ചിന്തയും തമിഴ് മലയാളത്തിന്റെ മാതാവല്ലെങ്കിൽ തറവാട്ടിൽപ്പിറന്ന മൂത്ത സഹോദരിയാണെന്ന ധാരണയും മനസ്സിന്റെ മാറാല പിടിച്ച കോണുകളിൽ മലയാളി ഒതുക്കി വച്ചിരിക്കയാണ്. മലയാളിയുടെ ഈ ആത്മ ദർശനത്തെവല്ലാതെ അലങ്കോലപ്പെടുത്തുന്നതാണ് തമിഴ് പാരമ്പര്യത്തെക്കുറിച്ചുള്ള അവജ്ഞ എന്നു ഈ ലേഖകൻ വിശ്വസിക്കുന്നു.

അന്നും ഇന്നും മലയാളികൾക്ക് 'ഫോറിൻ' ബന്ധവും കമ്പവും ഉണ്ട്. ഭൂമിശാസ്ത്ര പരമായും ചരിത്ര പരമായും ഈ ആശയം വിശദീകരിച്ചവതരിപ്പിക്കേണ്ട തില്ലല്ലോ. പാഠപുസ്തകങ്ങളും നവീനമാധ്യമങ്ങളും വേണ്ടുവോളം ഉയർത്തിക്കാട്ടുന്നതാണ് കേരളത്തോടു വിദേശികൾക്കും വിദേശത്തോടു കേരളീയർക്കുമുള്ള മമത. ഈ ഫോറിൻ ബന്ധത്തിൽ ഭ്രമിച്ച് മലയാളി സ്വന്തം രക്തബന്ധങ്ങൾ മറന്നു ഫോറിൻ ചമയുന്നില്ലേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. വർത്തമാനകാലത്തു നിന്നു തന്നെ ചൂടുള്ള ഉദാഹരണം നൽകാം. കഴിഞ്ഞ നാലഞ്ചു വർഷത്തിനിടയിൽ ഒരു വിപ്ലവം കേരളത്തിൽ നടന്നു; സമ്പൂർണ്ണ വിപ്ലവം! പെൺകുട്ടികളുടെ വേഷ വിപ്ലവം ! ഒറ്റയടിക്ക് നമ്മുടെ പെൺകുട്ടികളെല്ലാം ഉത്തരേന്ത്യൻ വേഷത്തിലായി. ദേശീയോദ്ഗ്രഥനം വിജയിക്കട്ടെ. ദേശീയ ഐക്യം വളർത്തുന്നതിൽ മലയാളി വഹിച്ച പങ്ക് എന്ന വിഷയത്തെക്കുറിച്ചെഴുതുന്ന അടുത്ത പ്രബന്ധത്തിൽ ഉൾക്കൊള്ളിക്കാൻ നല്ലൊരു പോയിൻറ് ! വേഷം മാറാൻ വനിതകൾക്കുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യത്തെ ഈയുള്ളവൻ ചോദ്യം ചെയ്യുന്നില്ല. ആരും ഏതു വേഷവും കെട്ടട്ടെ! എന്നാൽ അതു ഒരു തരംഗമായി ജനതയെ കീഴടക്കുമ്പോൾ വല്ലായ്മ അനുഭവപ്പെടുന്നു. അതും ഒരു ബാഹ്യ തരംഗം. ഭംഗിയും സൗകര്യവും പരിഗണിച്ചാണ് മാറ്റം സംഭവിച്ചതെങ്കിൽ നല്ലത് എന്തോ, അതു സമ്മതിക്കാൻ മനസ്സനുവദിക്കുന്നില്ല.

മലയാളികൾ മലയാളത്തോടുള്ള മനോഭാവത്തിലും ഇതേ ചിത്തവൃത്തി പ്രകടമായിക്കാണാം. ഇംഗ്ലീഷ് നാം പഠിച്ചേ തീരൂ. ഹിന്ദിയും നല്ലതുതന്നെ. അന്തർദേശീയ ഭാഷയും ദേശഭാഷയും പഠിക്കാനുള്ള ശ്രമത്തിനിടയിൽ മലയാളത്തോടുള്ള അവജ്ഞ നട്ടു വളർത്തുന്ന 'മൊട്ടത്തല' സംസ്കാരം നമ്മുടെ സാമൂഹിക ദൗർബല്യമാണ്. നഴ്സറി സ്ക്കൂളിൽ തുടങ്ങി വിദേശഭാഷ പഠിപ്പിക്കുന്ന മറ്റേതെങ്കിലും ജനതയുണ്ടോ? എന്തിനും ഫോറിനിലേക്കും നോക്കുന്ന നാം ഇക്കാര്യത്തിൽ എന്തേ പുറത്തേക്കു നോക്കാതിരിക്കുന്നു! ഒരു വികസിത രാജ്യത്തിലും കേരളത്തിൽ കാണുന്ന തരത്തിലുള്ള ശിശുപീഡന കേന്ദ്രങ്ങളും ബാല്യകാല വിദേശഭാഷാ പഠനകേന്ദ്രങ്ങളും പ്രവർത്തിക്കുന്നില്ല. വിദേശഭാഷകൾ കടന്നുവരുന്നത് പഠനത്തിന്റെ ഉയർന്ന തലങ്ങളിലാണ്. യൂണിവേഴ്സിറ്റി തലത്തിലെത്തുമ്പോൾ അരഡസനോളം ഭാഷകൾ പഠിച്ചു വശമാക്കുന്ന സമർത്ഥരായ വിദ്യാർത്ഥികളെ വിദേശങ്ങളിൽ കണ്ടിട്ടുണ്ട്. പിറന്നു വീഴുമ്പോൾ മുതൽ മലയാളത്തിൽ നിന്ന് അകറ്റി ഇംഗ്ലീഷ് നേഴ്സറിയിൽ വിദേശവെളിച്ചത്തിൽ വളർത്തപ്പെടുന്ന നമ്മുടെ കുട്ടികളോ? എത്രകാലം പഠിച്ചാലും ഇംഗ്ലീഷ് തൃപ്തികരമായി കൈകാര്യം ചെയ്യാൻ അവർക്കു കഴിയുന്നില്ല. എന്തിന് ഇംഗ്ലീഷിന്റെ കാര്യം മാത്രം പറയുന്നു. മലയാളം പോലും തെറ്റുകൂടാതെ വായിക്കാനും എഴുതാനും കഴിയുന്ന സർവ്വകലാശാലാ വിദ്യാർത്ഥികളുടെ എണ്ണം കുറവാണ് ! ഫോറിൻ ഭ്രമം നമ്മുടെ വിദേശഭാഷാ പരിചയത്തെയും മാതൃ ഭാഷാ പരിചയത്തെയും ഒരുപോലെ അലങ്കോലപ്പെടുത്തിയിരിക്കുന്നു. ചിന്തവളരേണ്ട ബാല്യത്തിൽ ഭാഷയ്ക്ക് വിശേഷിച്ച അക്ഷര കലയ്ക്ക് അമിതപ്രാധാന്യം നൽകുന്ന മലയാളിയുടെ ഉൽക്കണ്ഠാരോഗം ഒരു സാമൂഹിക ഹിസ്റ്റീരിയായി നമ്മുടെ സ്വത്വം നശിപ്പിക്കുകയാണ്. ഇംഗ്ലീഷും, ഹിന്ദിയും പഠിക്കാനുള്ള

ഇന്നത്തെ ഏർപ്പാടുകൾ പരിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. പോരാ, സമയബന്ധിതമായി സുനിശ്ചിത ലക്ഷ്യങ്ങളോടെ ആസൂത്രണം ചെയ്യുന്ന ഭാഷാപരിശീലന കോഴ്സുകളിലൂടെ ഫ്രഞ്ച്, ജർമ്മൻ, സംസ്കൃതം, അറബി, തമിഴ്, തെലുങ്ക്, കന്നഡ, ബംഗാളി, മറാത്തി തുടങ്ങിയ സുപ്രധാന ഭാഷകൾ സമർത്ഥരായ വിദ്യാർത്ഥികൾക്കു വശമാക്കാൻ കഴിയുന്ന തരത്തിൽ സ്കൂൾ - കോളേജ് പാഠ്യ പദ്ധതികളിൽ സൗകര്യമുണ്ടാകണം. ഇതെല്ലാം വിദ്യാർത്ഥിയുടെ അക്കാദമിക് അവകാശങ്ങളും സമൂഹത്തിന്റെ അക്കാദമിക് ബാധ്യതകളുമാണ്. എന്നാൽ പഠനത്തിനിടയിൽ മലയാളിക്കു സ്വത്വം, തനിമബോധം, നഷ്ടപ്പെടാതിരിക്കാൻ മലയാളവും മലയാള സംസ്കാരത്തിന്റെ മുഖങ്ങളായ കലാസാഹിത്യ രൂപങ്ങളും പരിചയിക്കേണ്ടിയിരിക്കുന്നു. ഇവിടെയാണ് മലയാളിയുടെ ഫോറിൻ ഭ്രമം ആത്മനാശമായി കലാശിച്ചിരിക്കുന്നത്.

മലയാളിത്തത്തെക്കുറിച്ചുള്ള ഭ്രമ കല്പനകൾ വേറൊരു വിഷയമാണ്. ആര്യന്മാരുടെ കേരള സമാവേശത്തോടെ ആരംഭിച്ച സംസ്കൃതീകരണത്തിൽ ഊന്നിക്കൊണ്ടാണ് ചിലർ കേരളത്തനിമയെക്കുറിച്ച് ഊറ്റംകൊള്ളുന്നത്. സംസ്കൃതത്തിൽ നിന്നു വന്ന തെല്ലാമാണ് അവർക്ക് നമ്മുടെ സംസ്കാരത്തിന്റെ കുലചിഹ്നങ്ങൾ ! മറ്റൊരു കൂട്ടർക്കു പാശ്ചാത്യീകരണമാണ് - വിദേശബന്ധങ്ങൾ, ഇംഗ്ലീഷ് ഭാഷ, പാശ്ചാത്യ മാതൃകയിലുള്ള വാസ്തു ശില്പം, ഭക്ഷണം, വേഷം, ലോകദർശനം, സാഹിത്യം തുടങ്ങിയവയാണ് - നമ്മുടെ മുഖമുദ്രകൾ. ഇവയുടെ സങ്കലനം കേരളീയന്റെ വ്യക്തിത്വത്തെ സ്വാധീനിച്ചിട്ടുണ്ടെങ്കിലും ഇവയിൽ പരിമിതിപ്പെടുന്നതല്ല നമ്മുടെ തനിമ എന്ന വകതിരിവ് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. തമിഴരും, തെലുങ്കരും കന്നഡക്കാരും അതതു ഭാഷകളുടെ പേരിൽ സർവകലാശാലകൾ സ്ഥാപിച്ചപ്പോൾ (ഇവ എത്രത്തോളം അഭികാമ്യമാണ് എന്നതല്ല ഇവിടത്തെ ചർച്ചാവിഷയം) കേരളീയൻ ആവേശപൂർവ്വം പടുത്തുയർത്തുന്നതു സംസ്കൃത സർവകലാശാലയാണ്. വേണ്ടി വന്നാൽ ഒരു അന്തർദേശീയ ഇംഗ്ലീഷ് സർവകലാശാലയോ അറബി സർവകലാശാലയോ കൂടി സ്ഥാപിക്കാൻ നാം മടിക്കയില്ല. ഇവിടെയാണ് ഫോറിൻ ഭ്രമം നമ്മെ ആത്മനിന്ദയിലെത്തിക്കുന്നത്. മലയാളിയുടെ ആത്മദർശനം വികലമാകുന്നത്. നമ്മുടെ മനസ്സിൽ ഇപ്പോഴും കൊളോണിയൽ ഭൂതം കുടിയിരിക്കുന്നു എന്നതാണ് സത്യം. ഇവിടെയുണ്ടാകേണ്ടത് നിഷ്കോളണീകരണ (decolomization) മാണ്. കോളണീകരണത്തിന്റെ അടരുകൾ പലതുണ്ട്. സംസ്കൃതീകരണവും പാശ്ചാത്യീകരണവും നമ്മുടെ വ്യക്തിത്വത്തെ പരിപോഷിപ്പിക്കാൻ നൽകിയ സംഭാവനകൾ തള്ളിക്കളയാതെ അപകർഷതാബോധം ഉപേക്ഷിച്ചു അർത്ഥപൂർണ്ണമായ ആത്മാഭിമാനം നേടിയെടുക്കേണ്ടിയിരിക്കുന്നു.

ഇടശ്ശേരിയുടെ ക്ഷോഭം അനുസ്മരിച്ചുകൊണ്ട് ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം. മലയാള സാഹിത്യം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ മലയാള സാഹിത്യചരിത്രം ആരംഭിക്കുന്നതു സംഘ സാഹിത്യത്തിലാണ് എന്ന കാര്യം മലയാള പ്രേമികൾ മറക്കുന്നു. രാമചരിതം എന്ന ബാലിശമായ സാഹിത്യകൃതിയിലാണ് അവർ സാഹിത്യചരിത്രോദയം ദർശിക്കുക. അതിനു മപ്പുറത്ത് കേരളത്തിൽ പ്രാബല്യം നേടിയിരുന്ന ഉജ്ജ്വല കവിതകൾ അകം പുറം എന്നീ പേരുകളിൽ വമ്പൻ സമാഹാരങ്ങളായി ഇന്നു നമുക്കു ലഭ്യമാണ്. അകം കവിതകളും പുറം കവിതകളും മികച്ച ഭാവഗാനങ്ങൾ എന്ന നിലയിൽ ഇന്നും നമ്മെ രസിപ്പിക്കും. വിശ്വ സാഹിത്യത്തിൽ മുൻഗണന നേടുന്നു. സാഹിത്യ ഭംഗിയിൽ മാത്രമല്ല, നിത്യ നൂതനമായ പ്രപഞ്ച ദർശനം, ജീവിതദർശനം എന്നിവ കൊണ്ടും അനുഗൃഹീതമാണ് സംഘം കവിതകൾ. മലയാളി അവഗണിക്കുന്ന പൈതൃകമായ സംഘം കവിതകൾ ഉയർത്തി ക്കാട്ടുന്ന ജീവിത ദർശനം ധർമ്മാർത്ഥകാമ പര്യവസിതമാണ്. മോക്ഷത്തെക്കുറിച്ചുള്ള ചിന്തയിൽ ഐഹികതയെ തിരസ്കരിക്കുകയും ജീവിതം നിരാസ്പദമായ പാപബോധത്തിൽ മുക്കിക്കൊല്ലുകയും ചെയ്യുന്ന പ്രവണത

With Best Compliments From :

JACOB & CO.

Chemists & Druggists

Moovattupuzha

Kerala

നമ്മുടെ പൈതൃകമല്ല. ഇത്തരം ചിന്തകൾ കോളണീകരണത്തിന്റെ ഭാഗമായി കടന്നുവന്നാണ് നമ്മുടെ സദാചാരചിന്തയെ അലങ്കോലപ്പെടുത്തിയത് എന്ന അറിവ് സുപ്രധാനമാണ്. സുപ്രധാനമായ മറ്റൊരു കാര്യം സംഘകാലത്തു നമ്മുടെ സമൂഹത്തിൽ വനിതകൾക്കുണ്ടായിരുന്ന പദവി അന്നത്തെ സാഹിത്യരചനകൾ കാട്ടിത്തരുന്നു. ഉള്ളുതുറന്നു ചിരിക്കുന്ന നായികമാർ, കാപട്യമില്ലാത്ത കുടുംബ സൗഹൃദം, സത്യത്തെ മന്ത്രതന്ത്രങ്ങൾ കൊണ്ടു മറയ്ക്കാത്ത ധർമ്മബോധം എന്നിവയെല്ലാം സ്ത്രീപുരുഷ ബന്ധത്തിന്റെ സവിശേഷതകളായിരുന്നു. സംസ്കൃതീകരണത്തിന്റെ സൃഷ്ടികളായ മണിപ്രവാളകൃതികൾ മാറിലേറ്റി ലാളിക്കുന്നവർ, അവ ജീർണ്ണതയുടെ സൃഷ്ടികളാണെന്ന കാര്യം മറക്കുന്നു. അതിനും മുമ്പ് ഇവിടെ നിലനിന്നിരുന്ന സാമൂഹികതയുടെ അടരുകൾ സംഘം കൃതികളിൽ നാം കണ്ടെത്തേണ്ടിയിരിക്കുന്നു. മലയാളിയുടെ സത്യാന്വേഷണം കോളണീകരണത്തിനു മുമ്പുള്ള ഘട്ടത്തിലേക്കു വേണ്ടത്ര കടന്നു ചെന്നിട്ടില്ല. തമിഴകത്തിന്റെ പാരമ്പര്യം കണ്ടെത്തുമ്പോൾ നമുക്കു ഏറെ അഭിമാനിക്കാൻ വകയുണ്ടാകും. ഇന്നും കേരളത്തിൽ, വിശേഷിച്ച് ഉത്തര കേരളത്തിൽ നിലനിൽക്കുന്ന ജനകീയ കലാ സാഹിത്യരൂപങ്ങളിലൂടെ മലയാളത്തനിമയുടെ വേരുകൾ കണ്ടെത്താൻ നമുക്കു കഴിയും. മഹാപാരമ്പര്യമായ ഇതിഹാസ പാരമ്പര്യത്തെ പുകഴ്ത്താനുള്ള വ്യഗ്രതയിൽ നമ്മുടെതന്നെന്നു വിശേഷിപ്പിക്കാവുന്ന ലഘുപാരമ്പര്യത്തെ അവഗണിക്കുന്നതാണ് മലയാളിയുടെ ദു:ശ്ശീലം. വിരുന്നുകാരനെ കാണുമ്പോൾ വീട്ടുകാരനെ നിന്ദിക്കുന്ന ശീലം അഭികാമ്യമല്ലെന്നു മലയാളികൾ പരസ്പരം ഓർമ്മിപ്പിക്കേണ്ടിയിരിക്കുന്നു.

വൈദ്യ ശാസ്ത്രത്തിലും ഈ ചിന്തയ്ക്കു പ്രസക്തിയുണ്ട്. പാശ്ചാത്യദേശത്തു നിന്നു കടന്നുവന്ന വൈദ്യം വേണ്ടതു തന്നെ. അതു പരിപോഷിപ്പിക്കാൻ ശ്രമിക്കുമ്പോൾ തന്നെ, സ്വദേശിയെന്നു പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള ആയുർവേദം മാത്രമല്ല, അതിനുമപ്പുറത്തുള്ള കേരളീയന്റെ ആരോഗ്യ പരിപാലന സങ്കല്പങ്ങൾകൂടി കാര്യമായി കണക്കിലെടുക്കേണ്ടിയിരിക്കുന്നു. ജനകീയ വിജ്ഞാനത്തെക്കുറിച്ചുള്ള അവബോധം ഏതു കേരളീയ ഡോക്ടർക്കും ഉണ്ടാകേണ്ടതാണ്. കാരണം, അതു നമ്മുടെ പൈതൃകമാണ്. വിവിധ വൈദ്യ സമ്പ്രദായങ്ങൾ കൂട്ടിക്കുഴയ്ക്കാതെ തന്നെ ആയുർവേദത്തിനുമപ്പുറത്തുള്ള ജനകീയ വൈദ്യ വിജ്ഞാനം പ്രയോജനപ്പെടുത്താൻ നാം ഒരുമ്പടേണ്ടിയിരിക്കുന്നു. ഒന്നു രണ്ടു ഉദാഹരണങ്ങൾ നൽകട്ടെ. മഞ്ഞപ്പിത്തത്തിന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉപയോഗിക്കുന്ന പലതരം ഒറ്റ മൂലികൾ മനസ്സിലാക്കാനും വിശദീകരിക്കാനും നാം തയ്യാറായിട്ടുണ്ടോ? മാനസിക രോഗത്തിനു ഫലപ്രദമായ ചില ചികിത്സകൾ കേരളത്തിൽ സാമ്പ്രദായികമായി നിലനിൽക്കുന്നുണ്ട്. കേരളത്തിന്റെ ആരോഗ്യ പരിപാലന സംവിധാനത്തിൽ ഇങ്ങനെയുള്ളവ സംരക്ഷിക്കപ്പെടേണ്ടതാണ്. ചുരുക്കത്തിൽ ഓരോ വിജ്ഞാന ശാഖയിലും പ്രസക്തമായ ജനകീയജ്ഞാനം (folk Knowledge) കണ്ടെത്തി വകതിരിവോടെ ഉപയോഗിച്ചു തുടങ്ങിയാൽ അതു മലയാളിയുടെ ആത്മാഭിമാനത്തെയും സ്വത്വാവബോധത്തെയും പരിപോഷിപ്പിക്കും. ചരിത്രത്തിലൂടെ പിന്നോക്കം നടക്കണമെന്നല്ല ചരിത്രത്തിൽ നിന്നു ലഭ്യമായ ഊർജം പ്രയോജനപ്പെടുത്തണമെന്നാണ് ഈ ലേഖകന്റെ അഭിപ്രായം. പുനരുദ്ധാരണം വേണ്ട, നിഷ്കോളണീകരണം ആവശ്യമാണ്.

With Best Compliments From :

ST. MARY'S DRUG HOUSE

KARUVELIPPADY

COCHIN - 5

With Best Compliments From :

ST. GEORGE HOSPITAL

MUVATTUPUZHA

സത്യബോധനം

ഡോ: എ. എൻ. ഗംഗാധരൻ
ഗവൺമെൻറ് ഹോസ്പിറ്റൽ
കോതമംഗലം

രൂപമീദൃശ്യവും രൂപമദൃശ്യവും
ഭാവം പ്രകാശവും വായു വ്യന്യാസവും,
ജീവചലനവും കാലാദിഭേദവും,
ഏകമിയന്നൊരു ഭാസാതി ഭാഗമാം.

പ്രപഞ്ചമെന്നുള്ളൊരുനാമമതേകിനാം
''യൂണിവേർസെ''ന്നപേർ ശാസ്ത്ര നാമം.
ഇല്ലല്ലലൊന്നുമുൾക്കൊള്ളുവാനിന്നിതിൽ
തൻരൂപമിന്നോരണുപോലെയുള്ളതാം.

'ആറ്റ'മെന്നു വിളിയാംഗലേയത്തിലെ
അക്ഷരമെങ്കിലുമർത്ഥമൊന്നാണുപോൽ.
മദ്ധ്യത്തിലുള്ളതാം 'ന്യൂക്ലിയസും' ചുറ്റും
നൃത്തം ചവിട്ടുന്ന കാന്തപ്പൊടികളും

ശക്തിതൻ കേന്ദ്രമാണീബന്ധമെപ്പോഴും
വിഛേദശക്തിയാണൂർജ്ജ ശ്രോതം
വിസ്തൃതമാക്കുക നമ്മുടെ ഭാവന
വിസ്തരിച്ചൊന്നുകാൺകുള്ളിലിപ്പോൾ

എത്തും പ്രപഞ്ച ബ്രഹത്തായരൂപവും
ഇല്ലതിരീഭീമ വ്യാസത്തിനെങ്ങുമേ!
ഉള്ളിലെല്ലാടവും കാണുവതിന്നൊരു
മർത്ത്യായുസ്സൊന്നിനുമെത്തുകില്ല!

ഉൾത്തട വിസ്തൃതി ഉള്ളവർക്കെപ്പോഴും
ഉള്ളിലൊതുക്കാമീ ദിവ്യ രൂപം

നക്ഷത്ര ചുറ്റിനും ചുറ്റുംഗ്രഹങ്ങളുപഗ്രഹങ്ങൾ
ചേർന്നുള്ള കൂട്ടത്തെ 'സിസ്റ്റ'മായ് കാൺമു നാം
ചേരുമനേകമീ സിസ്റ്റമെല്ലാമൊരു
'ഗാലക്സി'യായി ഭവിച്ചിടുന്നു.

ഗാലക്സികൾ ചേർന്നു 'നിബുല'യായിടും
നിബുലകൾ മാത്രം പ്രപഞ്ചമെല്ലാം

ചൊല്ലാമിടക്കിടെ തിങ്ങുന്ന ധൂളികൾ
എല്ലാം പ്രപഞ്ചപൊടിപടലം
തിങ്ങും പിടിവലി കാന്തീകശക്തികൾ
പൊങ്ങുന്നകല്ലോലമാലപോലെ

എങ്ങും പ്രകാശമീ 'ബോഡി'കൾ നല്കുന്നു
അന്ധകാരങ്ങളിടയ്ക്കിടയിൽ

ധൂളികൾ ചേർന്നാൽ നക്ഷത്രജാലം
ജനിക്കും നിരക്കും മരിക്കും തുരുതുരെ

പ്രക്രീയയിങ്ങിനെയെന്നും തുടരുന്നു
തത്ഫലമായി ജനിക്കുമൂർജ്ജം !

സങ്കീർണ്ണ പൂർണ്ണമീയത്ഭുത ക്രീയകൾ
എത്താ ഒരു ചെറുമാനസത്തിൽ

ആകയാൽ നമ്മൾതൻ പൂർവ്വികർ പണ്ഡിതൻ
വ്യായം ലളിതമായ് ചേർത്തൊരുക്കീ,
മാനുഷ രൂപവും ഭാവവും ശക്തിയും
പ്രാപഞ്ചികങ്ങൾക്കരുളി നല്കീ;

ഓതീകഥകളായ് മോദമിയലുവാൻ
ഒപ്പമറിവും നിറയുവാൻ നമ്മളിൽ

സൃഷ്ടിയും സംസ്ഥിതി സംഹാരമെപ്പൊഴും
സൃഷ്ടിയും പിന്നെയിതു തുടരും.

ഭൂതലേ നിന്നു നാം നോക്കുന്നു കാണുന്നു
രൂപം പലവിധ മാകയാലേ
നാമം ലഭിക്കുന്നു ബ്രഹ്മനും വിഷ്ണുവും
ശംഭുവെന്നെല്ലാമൊരേ രൂപഭേദകം

എല്ലാമിയന്നൊരീ രൂപമാണീ
പ്രാപഞ്ചിക രൂപി മാത്രമല്ലോ !

With Best Compliments From :

VETTUKATTIL WOMEN & CHILDREN HOSPITAL
MUVATTUPUZHA

നിശ്ചലമല്ലിതുമെപ്പൊഴുമുജ്ജ്വലം
സശ്ചലം സർവ്വപ്രതിഭാസ ജനിതം,
രൂപമില്ല, കാലഭേദമില്ല, ഉത്ഭവ-
മില്ലിതിന്നന്ത്യമില്ല

മാറ്റങ്ങളെപ്പൊഴും സന്തത സംഭവം
മാറ്റങ്ങളല്ലോ നവജാതക കാരണം
ആയതുകൊണ്ടു ജനിക്കും മരിക്കുമീ
നക്ഷത്രജാലം ഗ്രഹജാലവും

ഏതോ ഒരു കാലമുത്ഭവിച്ചങ്ങിനെ
നമ്മുടെ സൂര്യനും ഭൂമിയും ജാലവും
ഏതോ ഒരു ചെറു മാറ്റമാണിങ്ങിനെ
വേറൊന്നുമല്ലിതു യാദൃച്ഛികം

പിന്നെയും മാറ്റങ്ങളുണ്ടായി നമ്മുടെ
സൗരയൂഥത്തിൽ ഗ്രഹങ്ങളിലും
ഇപ്പോഴുമുണ്ടീ, തുടരുന്ന മാറ്റങ്ങൾ
'ഇച്ചെറു' സൗരയൂഥത്തിലുമങ്ങിനെ.

ഉണ്ടായി ജീവനും, മർത്ത്യനുമത്ഭുതം!
കാലാന്തരേയിതും സാന്ദർഭികം

ഉണ്ടായി സസ്യങ്ങൾ ബുദ്ധിയുള്ളോർക്കതു
ഭക്ഷണമായി ഭവിച്ചിടുന്നു
ഉണ്ടായി ജന്തുക്കൾ ശക്തിയുള്ളോർക്കവ
ഭക്ഷണമായി ഭവിച്ചിടുന്നു.

മാറ്റങ്ങൾ മാറ്റങ്ങൾ ചെന്നുചെന്നിക്കാണു
മിന്നത്തെമർത്ത്യനായ്തീർന്നിതല്ലോ.
രണ്ടുകരങ്ങളും രണ്ടുണ്ടുകാലുകൾ
ഉണ്ടു തലയുടൽലിംഗങ്ങളും
എല്ലാ മനുഷ്യനും രൂപസാദൃശ്യവും
ചിന്തയും സംസാരശേഷിയുമായ്

ആന്തരീകത്തിലവയവങ്ങൾ
എല്ലാമൊരുപോലെയെല്ലാറ്റിനും
ഉണ്ടൊരു വ്യത്യാസമാൺപെൺ
തങ്ങളിൽ, ഇല്ല വ്യത്യാസമോ ചിന്തകളിൽ

ഏകരൂപീകളിരുക്കാലികൾ
പിന്നെ, വേർതിരിപ്പൂ പല ''ജാതിയായി''

എന്തു വ്യത്യാസമീജാതികൾ തമ്മിലീ
രക്ത വിഭാഗം ചതുർവിധമാം
ആകെ മർത്ത്യന്നീ ചതുർഭാഗരക്ത
ത്തിലാണല്ലോ ജീവൻ തുടിച്ചിടുന്നു !

ഇല്ല ബ്രാഹ്മണനെന്നൊരു 'ഗ്രൂപ്പിതിൽ'
ചണ്ഡാളനുമതുമൊന്നുപോലെ
ഉള്ളിലവയവവം ബ്രാഹ്മണനും
ചണ്ഡാളനുമിതുമൊന്നുപോലെ

നാഡിയും ഹൃത്തും തുടിപ്പതു മാത്രയിൽ
എഴുപതും പിന്നൊരു രണ്ടു വട്ടം
ഉഛ്വസിക്കുന്നതുവായുതന്നെ
മേഥ്യമൂത്രങ്ങളും വർജ്ജ്യമല്ലോ !

വേർതിരിക്കുന്നെങ്കിൽ രക്തമിതിനുള്ള
ഗ്രൂപ്പിന്നടിസ്ഥാനമായിടേണം.

'ഏ' ഗ്രൂപ്പൊരു ജാതി, 'ബി' ഗ്രൂപ്പൊരു ജാതി
'ഏബി'യും 'ഒ' യും വേറെ വേറെ
ഹിന്ദുവെന്നില്ല മുസൽമാനെന്നില്ലിതു
ക്രിസ്ത്യനും ജൂതനുമില്ലിതിലും

എല്ലാമീ പ്രപഞ്ച രൂപിയാമീശന്റെ
ഭാവം പകർന്നൊരു രൂപമല്ലോ
കാണുക, വിഡ്ഢിയായ് ചിന്തിച്ചിടൊല്ല,
കൗശലമേറുന്ന മാനുഷാ നീ.

With Best Compliments From :

SHREES MEDICALS

P.O. Junction
Muvattupuzha

ഓട്ടം തുള്ളൽ Ent Style

ഡോ: ജോർജ്ജ് വർഗ്ഗീസ്
ജനറൽ ഹോസ്പിറ്റൽ
എറണാകുളം

കുഞ്ചൻ നമ്പ്യാർ തുടങ്ങിയ തുള്ളൽ
ഞാനൊന്നാടി വളിപ്പാക്കീടാം
തെറ്റുകൾ വല്ലതുമുണ്ടെന്നാകിൽ
സഹൃദയർ നിങ്ങൾ ക്ഷമിച്ചീടേണം.
കഥയിൽ പറയും ക്യാരക്ടേർസ് പാഴ് -
ക്കഥയാണെന്നതു ബോധിക്കേണം.
നമ്മുടെ നാട്ടിൽ വിലസീടുന്നൊരു
ENT ക്കാർ പല വിധമാണെ !
സുന്ദരവിഡ്ഢി ചമഞ്ഞൊരു വിദ്വാൻ
രാക്ഷസരൂപം പൂണ്ടൊരു വിദ്വാൻ
അബ്കാരികളും തനി ബിസിനസ്കാരും
എസ്റ്റേറ്റ് മുതലാളികളും സുലഭം
സ്പീക്കർ തന്നുടെ അനുജൻ കുഞ്ഞും
നമ്മുടെ കൂടെ വസിച്ചീടുന്നു.
കോമ്പറ്റീഷൻ കൂടുന്നേരം
തോന്ന്യാസങ്ങൾ പലതും കാട്ടും
ഒരു കാര്യത്തിൽ യോജിപ്പുണ്ട്
വരുമാനത്തിൽ മാത്രം നോട്ടം.

പണ്ടൊരു പാവം തലവേദനയായ്
ENT യെക്കാണാൻ പോയി.
തീയറ്ററിലേക്കോടിയ്ക്കുന്നു
ബോധമകറ്റാൻ കല്പനയായി.
ആരും കാണാതുള്ളൊരു നേരം
റെഡിയാം സ്റ്റോക്കുള്ളട്ടയെടുത്തു
പാവത്താനുടെ മൂക്കിൽക്കേറ്റി
പത്രാസിൽ അതു തോണ്ടിയെടുത്തു
പത്രക്കാരെ വിളിച്ചുവരുത്തി
സൂത്രത്തിൽ ഒരു പാർട്ടി നടത്തി
പിറ്റന്നാളതു ന്യൂസും വന്നു
'അട്ടയെടുപ്പിൽ കേമൻ ഡോക്ടർ'
വേറൊരു വിദ്വാൻ എൻഡോസ്കോപ്പി
തൊണ്ടയിലൂടെ കടത്തിയനേരം
കണ്ടുമുമ്പിൽ ചോപ്പൻ വണ്ടി
ട്രാൻസ്പോർട്ട് ബസ് ആണെന്നൊരു തോന്നൽ
കയ്യുകൾ കാട്ടി, കാലുകൾ കാട്ടി
കയ്യുകൾ കാട്ടീട്ടൊന്നു ചിരിച്ചു
ട്രാൻസ്പോർട്ടുണ്ടോ വഴിയിൽ നിൽപ്പു?
പയ്യെ നീട്ടി Endoscope ഉം
Back ൽ നല്ലൊരു പിടിയും കിട്ടി
മെല്ലെ വലിച്ചതു വെളിയിൽ വരുത്തി
നല്ല ചുകന്നൊരു സുന്ദരി അട്ട
വേറൊരു ദിനമൊരു മൂക്കു വിദഗ്ദ്ധൻ
ഇരയെ നോക്കിയിരിക്കണനേരം
'മഞ്ചാടിക്കുരു മൂക്കിൽപ്പോയോ'?

With Best Compliments From :

GODWIN

DARSAN OPTICALS

Darsan Junction
Hospital Road, Ernakulam

ശങ്കയുമായി വരുന്നു മങ്ക
കയ്യുപിടിച്ചുകൊണ്ടു വരുന്നു
പയ്യൻ ചുണ്ടിൽ ചെറുചിരിയോടെ
Speculam ഇട്ടാ മൂക്കു വിടർത്തി
Crown ഉം Mirror ഒന്നഡ്ജസ്റ്റ് ചെയ്തു
ആർത്തിയോടെ ഒരു നോട്ടം നോക്കി
കർത്താവെ ഒരു കുന്തവുമില്ല
ഇപ്പടിപോന്നാൽ ഒന്നും കിടയാ
ചെപ്പടി വിദ്യയതൊന്നെ രക്ഷ
പോക്കറ്റീന്നൊരു മഞ്ചാടിക്കുരു
ലാക്കിലെടുത്തിട്ടച്ചക്കേകി
അമ്മചിരിച്ചൂ.....കുഞ്ഞു ചിരിച്ചൂ!
കീശകൾ തടവി ഡോക്ടർ ചിരിച്ചൂ!

മട്ടുമാറി

എന്നിട്ടങ്ങെഴുന്നേറ്റു പോകുവാൻ നേരം ചെക്കൻ
ചെമ്മെ തിരിഞ്ഞു നിന്നു കയ്യുനിവർത്തിക്കാട്ടി
പയ്യൻ കളിച്ചിരുന്ന മഞ്ചാടിക്കുരു മെല്ലെ
അന്തം വിട്ടിരിയ്ക്കുന്ന ഡോക്ടർക്ക് നൽകീടിനാൻ
എന്നിട്ട് പറയുന്നു, "Hey! Man ! I-
bothered you much
Next time I will put this,
in my nose itself Doctor !

മട്ടുമാറി

Blah ! Blah! തട്ടിക്കാര്യം നേടും
മൂക്കു വിദഗ്ദ്ധൻ ബ്ലെയിഡായിപ്പോയ് !
ഇപ്പടി കഥകൾ തുടർന്നാൽപ്പിന്നെ
ശാപ്പാടിന്നൊരു സമയം കിടയാ
ഞാനീ ബോറടി നിർത്തിക്കോളാം
ബാറുതുറക്കാൻ സമയമതായി
ഹരഹര ശിവശിവ പ്രാർത്ഥിക്കുന്നേൻ
ഈ ENT ക്കാർ നന്നായ് വരണേ !

With Best Compliments From :

E.P.M. DRUG HOUSE
New Bazar
Muvattupuzha - 686 673

With Best Compliments From :

Dr. N.V. SHENOI
Ananda Nivas, Alathukutty Road
Mattancherry, Cochin - 682 002

അരുതേ കാട്ടാളാ .....

തേക്കിൻ കാട് ജോസഫ്

ചെറുകഥ

കാനന നീലിമയിൽ അവർ ലയിച്ചു കിടക്കുകയാണ്. സൂര്യയും ശ്യാമയും. സൂര്യ ഒരു ജമീന്ദാരിന്റെ ഏക മകനാണ്. ശ്യാമയോ സന്താൾ വർഗത്തിൽപെട്ട ഒരു കൃഷീവലന്റെ പുത്രിയും.

ജമീന്ദാരിന് കണ്ണെത്താദൂരത്തോളം കടുകും ചോളവും ഗോതമ്പും കൃഷിചെയ്യുന്ന വയലുകളുണ്ട്. അയാൾക്ക് തന്റെ മുത്തച്ഛന്റെ സമ്പാദ്യങ്ങളും അച്ഛന്റെ ഭൂസ്വത്തുക്കളും പൈതൃകമായി ലഭിച്ചു. അതുകൊണ്ട് അളവറ്റ സ്വത്തിനുടമയാണ് അയാൾ. തന്റെ ഭൂമിയുടെ അതിർത്തികൾ ജമീന്ദാർ ഇന്നുവരെ കണ്ടിട്ടില്ല.

സൂര്യയെ പട്ടണത്തിൽ വിട്ടു പഠിപ്പിക്കാൻ അയാൾ തീരുമാനിച്ചു. തനിക്ക് ലഭിക്കാത്ത വിദ്യാഭ്യാസവും ലോകപരിചയവും മകന് സ്വായത്തമാകണമെന്ന് അയാൾ സ്വാഭാവികമായും ആഗ്രഹിച്ചു പോയി.

കൽക്കത്തയിലെ ഒരു മിഷൻ സ്കൂളിലാണ് സൂര്യ പഠിച്ചത്. ഇംഗ്ലീഷ് പഠനവും പെരിമേസൺ നോവലുകളുടെയും മറ്റും വായനയും ഇംഗ്ലീഷ് സിനിമാ ക്ലബവും ചേർന്ന് സൂര്യയെ തികച്ചും പരിഷ്കാരിയാക്കി മാറ്റി.

ഇംഗ്ലീഷുകാരുടെ മാതിരി പാൻറും കോട്ടും ടൈയും ധരിക്കാനും അയാൾ പഠിച്ചു. എങ്കിലും തിളങ്ങുന്ന മഞ്ഞപ്പട്ടിന്റെ കൂർത്തയും വെള്ള പൈജാമയുമാണ് അയാൾക്ക് ഇഷ്ടപ്പെട്ട വേഷം. കോളേജ് പഠനവും സൂര്യ കൽക്കത്തയിലാണ് നിർവ്വഹിച്ചത്. ധനതത്ത്വ ശാസ്ത്രത്തിൽ അയാൾ ബിരുദം നേടി. ഇപ്പോൾ സൂര്യ ബിരുദാനന്തര പഠനത്തിലാണ്.

കോളേജിൽ ചേർന്നു രണ്ടു ദിനം കഴിഞ്ഞപ്പോഴാണ് അയാൾ ശ്യാമയെ കാണുന്നത്. ഗിരിവർഗക്കാർക്കും ആദിവാസികൾക്കുമുള്ള റിസർവേഷനിലൂടെയാണ് ശ്യാമയ്ക്കു കോളേജിൽ സീറ്റു തരമായത്.

ഈ സന്താൾ സുന്ദരിയെ കണ്ടമാത്രയിൽ സൂര്യ അവളിൽ വല്ലാതെ ആകൃഷ്ടനായി.

പരിചയപ്പെട്ടപ്പോൾ അവൾ തന്റെ ഗ്രാമത്തിൽ നിന്നു വന്നവളും ജന്മിയായ തന്റെ കുടിയാന്മാരിലൊരാളുടെ പുത്രിയാണെന്നും സൂര്യയ്ക്ക് മനസ്സിലായി. അവർ തമ്മിൽ അടുക്കാൻ അധികസമയം വേണ്ടി വന്നില്ല.

അവളെ അയാൾ കൽക്കത്തയിലെ മുന്തിയ ഹോട്ടലുകളിലും റെസ്റ്റോറൻറുകളിലും കൊണ്ടുപോയി. സായാഹ്നങ്ങൾ അവർ അവിടെ ചെലവഴിച്ചു.

മണിക്കൂറുകളോളം റെസ്റ്റോറൻറിന്റെ മങ്ങിയ വെളിച്ചത്തിൽ കണ്ണിൽ കണ്ണിൽ നോക്കി അനുരാഗവിവശരായിരുന്ന് തങ്ങളുടെ സായാഹ്നങ്ങൾ ധൂർത്തടിക്കാനും അവർ മറന്നില്ല.

